1015

5550

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ പ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർന്യൂമററി തസ്തികകളിൽ പുനർനിയമനം ലഭിച്ച അംഗപരിമിത ജീവനക്കാരുടെ പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പള നിർണ്ണയം-സ്പഷ് ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

OFFICE OF THE DIRECTOR OF SOCIAL JUSTICE TRIVANDRUM 06 MAY 2019

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്) നം.10 /2019/സാ.നീ.വ തിരുവനന്തപുരം, തീയതി 28.4.2019

പരാമർശം- 1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ
2. 3.2.2016 ലെ സ.ഉ(പി) 1/16/സാ.നീ.വ
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.6.2016 ലെ H4-20287/16 (1) നമ്പർ കത്ത്
4. 26.4.2017 ലെ സ.ഉ(പി) 5/17/സാ.നീ.വ

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം 16.8.1999 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. ആയത് പ്രകാരം നിയമിതനായ അംഗപരിമിതരുടെ സേവന വേതന വ്യവസ്ഥകൾ പരാമർശം 2, 4 പ്രകാരം സ്പഷ്ടീകരിച്ച് ഉത്തരവായിരുന്നു.

3. എന്നാൽ ടി ഉത്തരവിൽ പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണ പ്രകാരമുള്ള ഫിറ്റ്മെന്റ്, വെയ്റ്റേജ് എന്നിവ സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 3 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം II, ചട്ടം 6 ന് ചുവടെയുള്ള കുറിപ്പ് പ്രകാരം ശമ്പള സ്കെയിലിൽ സാധാരണ ഇൻക്രിമെന്റിന് യോഗ്യമായ ബ്രോക്കൺ സർവ്വീസ് ഉൾപ്പെടെയുള്ള ഫുൾ ടൈം റഗുലർ സർവ്വീസാണ് ശമ്പള നിർണ്ണയ ചട്ടങ്ങളിലെ സർവ്വീസ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് . ജീവനക്കാരുടെ ഫുൾ ടൈം റഗുലർ സർവ്വീസ് മാത്രമേ പത്താം ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പള നിർണ്ണയത്തിലെ സർവ്വീസ് വെയിറ്റേജിന് പരിഗണിക്കുകയുള്ളൂ . പരാമർശം 1 പ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ സർവ്വീസ് വെയിറ്റേജിന് അർഹതയില്ല . ആയതു പ്രകാരം ടി ജീവനക്കാരുടെ 01.07.2014 ലെ പ്രീറിവൈസ്ഡ് സ്കെയിലിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ഡി.എ യും കുറഞ്ഞത് 2000 രൂപ ഉറപ്പ് വരുത്തി 12% ഫിറ്റ്മെന്റ് ബെനെഫിറ്റും ചേർത്ത് revised scale ന്റെ അടുത്ത സ്റ്റേജിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കേണ്ടതാണെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി & എസ്.എസ്.എ/എ & ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ്(7.12.2018 ലെ WW—WW2/2016/Fin പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ